# ശ്ലീഹാക്കാലം മൂന്നാം ഞായർ - 2016 മെയ് 29

(ലൂക്കാ. 20: 25-37)

**വചനസന്ദേശം: റവ. ഫാ. തോമസ് മങ്ങാട്ട്**

കൊല്ലം പരവൂർ വെടിക്കെട്ടപകടം ഏവരുടേയും മനസിനെ പിടിച്ചുകുലുക്കിയ ഒരു ദാരുണമായ സംഭവമായിരുന്നു. അനേകം പേരുടെ ജീവൻ നഷ്ടപ്പെടുകയും ഏറെ പേർക്ക് അംഗവൈകല്യമോ, മാരകമോ, ലഘുവായതുമായ പരിക്കുകളോ ഏറ്റവരാണ്. ദുരന്തഭൂമിയിൽ ജാതി-മത വ്യത്യാസമില്ലാതെ പരിക്കേറ്റവരേയും മറ്റും ആശുപത്രിയിൽ എത്തിക്കാനും വേണ്ട സഹായ സഹകരണങ്ങൾ നൽകാനും രക്തം ആവശ്യമായവർക്ക് അത് യഥാസമയം നൽകാനും ഒരു ജനത കാണിച്ച ശ്രദ്ധയും താൽപര്യവും അഭിനന്ദനാർഹമാണ്. കാരുണ്യത്തിന്റേയും പരസ്പര സ്നേഹത്തിന്റേയും കനലുകൾ ഇന്നും ധാരാളം മനുഷ്യഹൃദയങ്ങളിൽ ഒളിഞ്ഞു കിടക്കുന്നു എന്നതിന്റെ നേർസാക്ഷ്യമാണത്.

മുറിവേറ്റ് കിടക്കുന്നവനെ സഹായിക്കാൻ പുരോഹിതനോ, ലേവായനോ സാധിച്ചില്ല. കാരണം അവരിലുള്ള മനുഷ്യത്വത്തിന്റെയും, കാരുണ്യത്തിന്റെയും വികാരങ്ങൾ ഉണർന്നില്ല എന്നതാണ് കാരണം. ഇന്നത്തെ സുവിശേഷത്തിലൂടെ യേശു നൽകുന്ന സന്ദേശം എന്നത് ലോകത്തിന്റെ മുമ്പിൽ കാരുണ്യത്തിന്റെയും മനുഷ്യത്വത്തിന്റെയും മുഖമുള്ളവരായി നാം മാറണമെന്നാണ്. നിത്യ ജീവിതത്തിലേയ്ക്കുള്ള പാത എന്ന് പറയുന്നത് സ്വയം മറന്നുള്ള ശുശ്രൂഷയാണ്. ആചാരങ്ങളേക്കാളും മാനുഷികവും ദൈവീകവുമായ മൂല്യങ്ങൾക്ക് നാം പ്രഥമ പരിഗണന കൊടുക്കേണ്ടതുണ്ട്. അവയിൽ പ്രധാനമാണ് സ്നേഹവും കരുണയും ക്ഷമയും സത്യസന്ധതയുമൊക്കെ.

ദൈവീകസാന്നിദ്ധ്യം ഹൃദയത്തിലും, ജീവിതത്തിലും കാത്തുസൂക്ഷിക്കുന്നവർക്കേ ദൈവസ്നേഹത്തിന്റെ പ്രതിരൂപങ്ങളും പ്രതിബിംബങ്ങളുമൊക്കെ ആയിത്തീരാൻ കഴിയൂ. നാം പലപ്പോഴും കേട്ടിട്ടുള്ള വാക്കാണ് ഐശ്വര്യം. ചില വ്യക്തികളോട് നാം സംസാരിക്കുമ്പോൾ നമുക്ക് എന്തോ ഒരു സംതൃപ്തി ലഭിക്കും. കാരണം, നമുക്കില്ലാത്ത അല്ലെങ്കിൽ മറ്റുള്ളവരിൽ വളരെക്കുറച്ച് കാണുന്ന എന്തൊക്കെയോ പ്രത്യേകതകൾ ആ വ്യക്തിയിൽ ഉണ്ടാകും. അപ്പോൾ നാം പറയും ഐശ്വര്യമുള്ള വ്യക്തി എന്ന്. ചില കുടുംബങ്ങളെ കാണുമ്പോൾ നമുക്ക് വളരെ സന്തോഷം തോന്നും. കാരണം നമ്മുടെ കുടുംബങ്ങളിലൊന്നും കാണാത്ത സ്നേഹവും കൂട്ടായ്മയും സഹകരണവും ആ കുടുംബത്തിനുണ്ടാകും  അപ്പോൾ നാം പറയും ഐശ്വര്യമുള്ള കുടുംബം. എന്താണ് ഐശ്വര്യം? ഈശ്വരൻ കൂടെയുള്ള അനുഭവവും, അവസ്ഥയും. നമ്മുടെ കൂടെ ഈശ്വര സാന്നിദ്ധ്യമുണ്ടെങ്കിൽ അത് നമ്മുടെ മുഖത്തും പ്രവൃത്തികളിലും എപ്പോഴും പ്രകടമാകും. നമ്മുടെ കുടുംബത്തിൽ ഈശ്വരന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ അത് നമ്മുടെ കുടുംബാംഗങ്ങളുടെ ഇടപെടലുകളിലൂടെ നമുക്ക് തിരിച്ചറിയാനാകും. അതുകൊണ്ടുതന്നെകാരുണ്യത്തിന്റേയും പരസ്പരസ്നേഹത്തിന്റെയും പ്രവൃത്തികൾ നമ്മുടെ ജീവിതത്തിലൂടെ കടന്നുവരുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം നാം ദൈവീകമായ അനുഭവത്തിൽത്തന്നെയാണ് ജീവിക്കുന്നത്.

എന്റെ അയൽക്കാരന്  കാവലും കരുതലും നൽകി ഞാൻ അവനെ സംരക്ഷിക്കുമ്പോഴാണ് നല്ല അയൽക്കാരനായി മാറുന്നത്. കുടുംബാംഗങ്ങൾ മറ്റുള്ളവരുടെ പോരായ്മകൾ മനസ്സിലാക്കി അവരുടെ സഹായികളായി മാറുമ്പോഴാണ് നല്ല കുടുംബനാഥനും നാഥയും മക്കളുമായി മാറ്റപ്പെടുന്നത്. ഒരുവന്റെ ആവശ്യം എന്തെന്ന് അറിഞ്ഞ് അവനെ സഹായിക്കുന്നതിലാണ് ആത്മാർത്ഥത നിറഞ്ഞു നിൽക്കുക. അപ്രകാരം നിത്യജീവൻ അവകാശമാക്കാൻ “നീയും പോയി അതുപോലെ ചെയ്യുക” എന്ന യേശുവിന്റെ സ്നേഹോപദേശം നമുക്കും സ്വീകരിക്കാം.